# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3325 19.06.2018 ൽ മറുപടിയ്ക്ക്**

**ബസ് ബോഡി നിർമ്മാണം**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ ബസ് ബോഡി നിർമ്മിക്കാൻ പ്രത്യേകമായി ഏതെങ്കിലും സ്ഥാപനത്തിന് മാത്രം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 03.10.2012-ൽ S.O.2356(E) നമ്പറായി പുറത്തിറക്കിയ വിജ്ഞാപന പ്രകാരം ഡ്രൈവറെ കൂടാതെ 13 സീറ്റും അതിൽ കൂടുതൽ സീറ്റുകളുമുള്ള യാത്രാവാഹനങ്ങളുടെ ബോഡി നിർമ്മാണത്തെ കുറിച്ച് 31.12.2012 മുതൽ പുതിയ നിബന്ധനകൾ നടപ്പിലാക്കിക്കൊണ്ട് ഉത്തരവിറക്കിയിരുന്നു. ഈ നിയമം സംസ്ഥാനത്ത് ജി.ഒ.(പി) 29/2017/ഗതാ. വിജ്ഞാപന പ്രകാരം 01.10.2017 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം സ്റ്റേജ് കാര്യേജ് ഉൾപ്പെടെയുള്ള എല്ലാത്തരം വാഹനങ്ങളുടെയും ബോഡി നിർമ്മാണം AIS:052 നിലവാരത്തിലുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ബസ് ബോഡി ബിൽഡർമാർക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള അവസാന തീയതി 31.12.2012 -ൽ നിന്നും 01.04.2013 വരെ നീട്ടി നൽകിയെങ്കിലും നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ ബസ് ബോഡി നിർമ്മിക്കുന്നതിനുള്ള അക്രഡിറ്റേഷൻ കേന്ദ്ര സർക്കാരിന്റെ ടെസ്റ്റിംഗ് ഏജൻസികളിൽ നിന്നും കരസ്ഥമാക്കുന്നതിന് കേരളത്തിൽ നിന്ന് ഒരു സ്ഥാപനമൊഴികെ മറ്റാരും തന്നെ അപേക്ഷ നൽകിയിരുന്നില്ല. നിലവിൽ കോട്ടയം ജില്ലയിൽ അയർകുന്നത്ത് പ്രവർത്തിക്കുന്ന കൊണ്ടോട്ടി എയർക്രാഫ്റ്റ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മാത്രമാണ് കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ ഒരു സ്ഥാപനത്തിന് മാത്രമായി അംഗീകാരം നൽകാനുള്ള സാഹചര്യം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ